# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 04 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### അടിയന്തിരമായി സർക്കാർ ക്വാർട്ടേഴ്സുകളിലേക്ക് മാറ്റി പാർപ്പിക്കും
## ആനക്കയം ആദിവാസി കോളനി പുനരധിവാസത്തിന് വഴിയൊരുങ്ങുന്നു

2018-ലെ പ്രളയത്തെ തുടർന്ന് വീടുകൾ ഉപേക്ഷിക്കേണ്ടി വന്ന അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആനക്കയം ആദിവാസി കോളിനിവാസികളുടെ പുനരധിവാസത്തിന് വഴിയൊരുങ്ങി. കോളനിയിലെ 23 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം കണ്ടെത്തിയതായും സമയബന്ധിതമായി തുടർനടപടിൾ  പൂർത്തിയാക്കാൻ തീരുമാനിച്ചതായും സ്ഥലം സന്ദർശിച്ച ശേഷം ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

പ്രളയത്തെതുടർന്ന് താമസയോഗ്യമല്ലാതായ ആനക്കയം കോളനിവാസികൾക്ക് നേരത്തെ ഉണ്ടായിരുന്ന കൈവശഭൂമിക്ക് തത്തുല്യമായ പകരം ഭൂമി  ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതിരപ്പിള്ളി പഞ്ചായത്തിലെ തവളക്കുഴിപ്പാറ കോളനിക്ക് സമീപമാണ് പകരം ഭൂമി കണ്ടെത്തിയിരിക്കുന്നത്. ആനക്കയത്ത് നേരത്തെ ആദിവാസികൾ താമസിച്ചിരുന്ന അഞ്ച് ഏക്കറോളം വരുന്ന ഭൂമി വനം വകുപ്പിന് തിരിച്ച് നൽകുകയും തത്തുല്യമായ ഭൂമി പകരമായി ആദിവാസി കുടുംബങ്ങൾക്ക് അനുവദിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടികളിലേക്ക് കടന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വരനടപടി സ്വീകരിക്കണമെന്ന് ചാലക്കുടി എംഎൽഎ ബി ഡി ദേവസ്സി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

നിലവിൽ കുടിൽ കെട്ടി താമസിക്കുന്ന കുടുംബങ്ങളെ സമീപത്തെ സർക്കാർ ക്വാർട്ടേഴ്സുകളിലേക്ക് മാറ്റാനും ധാരണയായി. ജില്ലാ കളക്ടർ ഊരുമൂപ്പന്റെ നേതൃത്വത്തിലുള്ള ആദിവാസി കുടുംബങ്ങളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാറിത്താമസിക്കുന്നതിന് എല്ലാവരും സന്നദ്ധത അറിയിക്കുകയും ചെയ്തു. ആനക്കയത്തെ വനം വകുപ്പ് ക്വാർട്ടേഴ്സ്, ഷോളയാർ പവർ ഹൗസ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലേക്കാണ് ഇവരെ മാറ്റിത്താമസിപ്പിക്കുക. ആദിവാസി കോളിനികളിൽ കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്താൻ വൈകിയതിന്റെ പേരിൽ പ്രയാസം നേരിടുന്നവരെ സഹായിക്കുന്നതിന് പ്രത്യേക അദാലത്ത് സംഘടിപ്പിക്കും. റേഷൻ കാർഡ് ലഭിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കും. വാച്ചുമരം ആദിവാസി കോളനിയിൽ താമസിക്കുന്ന  കുടുംബങ്ങൾ നേരിടുന്ന ഭൂമി ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

ആനക്കയം, വാച്ചുമരം കോളനികളും പുനരധിവാസത്തിന് പുതുതായി നിർദ്ദേശിച്ച സ്ഥലവും ജില്ലാ കളക്ടർ എസ് ഷാനവാസ്  സന്ദർശിച്ചു. ഊരുമൂപ്പൻ രാമനുമായും കോളനിവാസികളുമായും ചർച്ച നടത്തുകയും ചെയ്തു. ജില്ലാ കളക്ടർക്ക് പുറമേ വാഴച്ചാൽ ഡിഎഫ്ഒ എസ് വി വിനോദ്, ആർഡിഒ ലതിക, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ ഇ ആർ സന്തോഷ്കുമാർ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തങ്കമ്മ വർഗ്ഗീസ്, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. വിജു വാഴക്കാല തുടങ്ങിവരും പങ്കെടുത്തു.

# കുന്നംകുളത്ത് 3700 കിണറുകൾ റീച്ചാർജ് ചെയ്യൽ ആരംഭിച്ചു

കുന്നംകുളം നഗരസഭയിൽ 2019 – 2020 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 3700 കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പ്രവൃത്തിക്ക് തുടക്കംകുറിച്ചു. മഴ വെള്ളം കൃത്യമായി ശുദ്ധീകരിച്ച് ഭൂമിയിലേക്ക് ഇറക്കി വിടുന്നതുവഴി ഭൂഗർഭ ജലശോഷണം തടയാൻ സാധിക്കുമെന്നതാണ് ഇതിന്റെ സവിശേഷത. തുലാമഴ നഷ്ടപ്പെടുത്താതെ ശുദ്ധീകരിച്ച് കിണറിൽ സംഭരിച്ചാൽ നാലുമാസത്തെ കുടിവെള്ളം ഉണ്ടാക്കാൻ കഴിയുമെന്നും നഗരസഭ കണക്കുകൂട്ടുന്നു.

1000 ചതുരശ്ര അടി വിസ്തൃതിയുള്ള ഒരു മേൽക്കൂരയിൽ നിന്ന് ഒരു വർഷം ശരാശരി മൂന്ന് ലക്ഷം ലിറ്റർ മഴവെള്ളം പെയ്തു വീഴുകയാണെങ്കിൽ തുലാമഴക്കാലത്ത് ഇതിന്റെ ഇരുപത് ശതമാനം കിട്ടുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ മഴ വെള്ളം കരുതലോടെ സംരക്ഷിച്ച് മഴവെള്ള ഫിൽട്ടർ ടാങ്ക് ഉപയോഗിച്ച് ശുദ്ധീകരിച്ച് കിണറുകളെ പരിപോഷിപ്പിച്ചെടുക്കാനാണ് നഗരസഭ തയ്യാറാവുന്നത്. ഇത് വരുംകാല വരൾച്ചയെ നേരിടാനുള്ള ഉപാധി കൂടിയാണെന്നും നഗരസഭ സെക്രട്ടറി കെ. കെ മനോജ് അറിയിച്ചു.

# കാലവർഷം: രണ്ടു വീടുകൾ തകർന്നു ക്യാംപുകളിൽ 16 പേർ

കാലവർഷം കനത്തതോടെ കൊടുങ്ങല്ലൂർ താലൂക്കിൽ രണ്ടു വീടുകൾ തകർന്നു. കൂളിമുട്ടം വില്ലേജിൽ കളത്തിൽ ഗോപി, ഇതേ വില്ലേജിലെ നെടുപറമ്പിൽ ഷണ്മുഖൻ എന്നിവരുടെ വീടാണ് പൂർണമായും തകർന്നത്. കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിൽ രണ്ട് കാലവർഷ ക്യാംപുകളിലായി 16 പേർ താമസിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിൽ ഒരു കുടുംബത്തിലെ നാലുപേരും ചാവക്കാട് താലൂക്കിൽ നാലു കുടുംബങ്ങളിലെ 12 പേരുമാണ് താമസിക്കുന്നത്. കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിൽ സുനാമി ഷെൽട്ടറുകളിലും നേരത്തെ മുതൽ ചില കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

# പൂമല ഡാമിന്റെ ഷട്ടറുകൾ തുറന്നു

പൂമല ജലസംഭരണിയിലെ ജലനിരപ്പ് 28 അടി ആയതിനാൽ രണ്ട് ഷട്ടറുകൾ തുറന്നു. തിങ്കളാഴ്ച ഉച്ച മൂന്ന് മണിയോടെയാണ് തുറന്നത്. ഡാമിലേക്ക് നീരൊഴുക്ക് ശക്തിപ്പെടുന്ന സാഹചര്യത്തിലാണിത്. ഡാമിന്റെ പരമാവധി സംഭരണ ശേഷി 29 അടിയാണ്. ജലവിതാനം 28 അടിയായി നിലനിർത്തി ഷട്ടറുകൾ ക്രമീകരിക്കും. ഈ സാഹചര്യത്തിൽ മലവായ് തോടിന്റെ ഇരുവശത്തും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് മൈനർ ഇറിഗേഷൻ അസി. എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

# കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പ് ആരംഭിച്ചു

ന്യൂനപക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഏകദിന കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പ് 'പാസ്‌വേഡ് 2019-20' ആരംഭിച്ചു. ട്യൂണിങ്, ഫ്ളവറിങ്, എക്സ്പ്ലോറിങ് എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് ക്യാമ്പ്. പാടൂർ അലിമുൽ ഇസ്ലാം എച്ച് എസിൽ തിങ്കളാഴ്ചയായിരുന്നു ക്യാമ്പ്. സ്കൂൾ, പരിശീലന ദിനം യഥാക്രമത്തിൽ. കേച്ചേരി അൽ അമീൻ എച്ച് എസ്-ആഗസ്റ്റ് 6, മതിലകം സെന്റ് ജോസഫ്സ് എച്ച് എസ്-7, കൊടുങ്ങല്ലൂർ ഗവ. ഗേൾസ് എച്ച് എസ്-8, മാമ്പ്ര യൂണിയൻ എച്ച് എസ്-9, മണത്തല ഗവ. എച്ച് എസ്-14, അഴീക്കോട് സീതി സാഹിബ് മെമ്മോറിയൽ എച്ച് എസ്-16. ആദ്യഘട്ടമായ ട്യൂണിങ്ങിൽ നിന്ന് തെരഞ്ഞെടുക്കുന്ന 84 വിദ്യാർത്ഥികൾ അടുത്ത ഘട്ടമായ ഫ്ളവറിങ് ദ്വിദിന പരിശീലന ക്യാമ്പിൽ പങ്കെടുക്കും.

# സീറ്റ് ഒഴിവ്

തൃത്താല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിഎസ്സി മാത്തമാറ്റിക്സ് വിഷയത്തിൽ മുന്നോക്ക വിഭാഗത്തിലെ ബിപിഎൽ വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ ആഗസ്റ്റ് എഴ് രാവിലെ 11 ന് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ ഓഫീസിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 0466-2270335, 2270353.

# വനഗവേഷണകേന്ദ്രത്തിൽ ഒഴിവ്

പീച്ചി കേരള വനഗവേഷണസ്ഥാപനത്തിൽ പ്രൊജക്ട് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. വുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ ബിരുദാനന്തരബിരുദമാണ് പ്രൊജക്ട് ഫെല്ലോയുടെ യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ ആഗസ്റ്റ് 14 രാവിലെ 10 ന് അസ്സൽ സർട്ടിഫിക്കറ്റ് സഹിതം പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2690100.

# മസ്റ്ററിങ്ങ് നടത്തണം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് തൃശൂർ ഓഫീസിൽ കീഴിലെ പെൻഷൻ ഗുണഭോക്താക്കൾ ആഗസ്റ്റ് 20 നകം മസ്റ്ററിങ്ങ് നടത്തണമെന്ന് ജില്ലാ എക്സി ക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഇതിനായി അക്ഷയ സെന്ററുകൾ സേവനം ഉപയോഗപ്പെടുത്താം. ഫോൺ: 0487-2385900.

# തണ്ടർബോൾട്ടിന് കരുത്തേകാൻ ഇനി 16 വനിതാ കമാ ണ്ടോകളും

കേരള പോലീസിന്റെ തണ്ടർ ബോൾട്ടിൽ ആധുനിക യന്ത്ര തോക്കുകളുമായി ഇനി പരിശീലനം പൂർത്തികരിച്ച 16 വനിത കമാണ്ടോകളും. നാഷണൽ സെക്യൂരിറ്റി ഗാർഡ് മാതൃകയിൽ രൂപികരിച്ച ആൻഡി ടെററിസ്റ്റ് വിരുദ്ധ സേനയായ തണ്ടർ ബോൾട്ടിന്റെ കീഴിൽ ഇനി ഈ 16 വനിത കമാണ്ടോുകൾ സേവന രംഗത്ത് സജീവമാകും. മാവോയിസറ്റുകൾ അടക്കമുള്ളവരുടെ സാന്നിധ്യതയുള്ള കേരളത്തിലെ വയനാട്, കണ്ണൂർ, തൃശൂർ, പാലക്കാട് ജില്ലാകളിലെ വനാതിർത്തികളിൽ ഇവരെ വിന്യസിക്കും. പോലീസ് അക്കാദമിയിലെ പരിശീലനം പൂർത്തിയാക്കി ഒരു മാസത്തെ ഇവിടെ നൽകും. പരിശീലനം അരീക്കോട് ക്യാമ്പിൽ തണ്ടർ ബോൾട്ടിന്റെ കമാണ്ടർ സോളമന്റെ നേതൃത്വത്തിൽ പരീശിലനത്തിന് ശേഷമാണ് ഈ ടീം കേരള പോലീസ് അക്കാദമിയിലെ ആറുമാസത്തെ പരീശിലനത്തിന് എത്തിയത്. തണ്ടർ ബോൾട്ട് കമാണ്ടോസുകളാണ് ഇവർക്ക് പരിശീലനം നൽകിയത്. അർബൻ ആൻഡ് ജംഗിൾ ടാക്റ്റിക്സിലായിരുന്നു പരിശീലനം. അപകടകരവും ദുർഘടകരവുമായ കാട്ടുപാത പോലീസ് ഭാഷയിൽ കറുത്ത പാതയിലൂടെയും പരീശിലനം ഉണ്ടായിരുന്നു. ഇവരുടെ കായികക്ഷമതയും വെടിവെയ്ക്കുന്നതിലെ കൃത്യതയും സാഹചര്യങ്ങൾക്കനുസരിച്ചുള്ള നീക്കങ്ങളെയും സംബന്ധിച്ച് മികച്ച പരീശിലനമാണ് അരീക്കോട് ക്യാമ്പിൽ ഇവർക്ക് ലഭിച്ചത്. കൂടാതെ സഫോടക വസതുക്കൾ നിർവിര്യമാക്കുക, സാമൂഹ്യ വിരുദ്ധ ആക്രമണങ്ങളിൽ എങ്ങനെ കമാൻഡോ ഓപ്പറേഷൻ നടത്താം എന്നതിനെ കുറിച്ചുള്ള പരീശിലനത്തിന് ശേഷം പോലീസ് അക്കാദമിയിൽ അടിസ്ഥാന പരിശീലനം നൽകി. കൂടാതെ കുട്ടിക്കാനം അഞ്ചാം ബറ്റാലിയനിൽ കമാൻഡോ പരിശീലനവും തീരദേശ പരിപാലനത്തിനുള്ള പ്രത്യേക പരിശീലനവും നേടിയിട്ടുണ്ട്. കംപ്യൂട്ടർ, സ്വിമ്മിങ്ങ്, യോഗ, കളരി, കരാട്ടേ, ഡ്രൈവിങ്ങ് എന്നിവയിലും ഇൻഡോർ ട്രെയിനിങ്ങും ലഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി സ്ഥാപനങ്ങൾ, കറക്ഷണൽ ഹോംസ്, ഫോറൻസിക് ലാബ് എന്നിവിടങ്ങളിൽ സന്ദർശിച്ച് പരിശീലനം നേടിയിട്ടുണ്ട്.

ജംഗിൾ വാർ ട്രെയിനിങ്ങും അർബൻ ഓപ്പറേഷനും ഉൾപ്പെടെയുള്ള നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ നിർദിഷ്ട പരിശീലനക്രമമനുസരിച്ചാണ് കമാൻഡോകളെ വാർത്തെടുത്തത് .അത്യാധുനിക ആയുധങ്ങൾ കൈകാര്യം ചെയ്യുന്നതിലും കളരിപ്പയറ്റ്, കരാട്ടെ തുടങ്ങിയ

ആയോധനമുറകളിലെ പരിശീലനത്തിനും പുറമെ മാവോയിസ്ററ് തീവ്രവാദ ഭീഷണികളെ നേരിടുവാനുള്ള പ്രത്യേക പരിശീലനവും ഇവർ സ്വായത്തമാക്കിയിട്ടുണ്ട്. സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെയുള്ള വിപുലമായ പരിശീലനവും വരും നാളുകളിൽ ഇവർക്ക് ലഭിക്കും.

# കുട്ടികളെ ബഹുമാനിക്കുന്ന സമൂഹമാണ് ഏറ്റവും നല്ല സമൂഹം: ബാലകൃഷ്ണൻ അഞ്ചത്ത്

കുട്ടികളെ ബഹുമാനിക്കുന്ന സമൂഹമാണ് ഏറ്റവും നല്ല സമൂഹമെന്ന് സാഹിത്യകാരനും മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുമായ ബാലകൃഷ്ണൻ അഞ്ചത്ത്. മനുഷ്യരുടെ ഉള്ളു തുറക്കാനുള്ള താക്കോലാണ് പുസ്തകങ്ങൾ. പുസ്തകം വായിക്കുക എന്നാൽ ലോകത്തെ അറിയുകയാണ്. അതിലൂടെ സൃഷ്ടിക്കപ്പെടുന്ന പുതുലോകം കുട്ടികളെ ബഹുമാനിക്കുന്ന ലോകമായിരിക്കും. അദ്ദേഹം പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്ര മണ്ണുത്തി ഡോൺ ബോസ്കോ ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ഫാ. ടോണി വലിയപരയ്ക്കാട്ട്, സ്കൂൾ റെക്ടർ ആന്റ് മാനേജർ ഫാ. പി കെ ജോൺ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. തലോർ ദീപ്തി സ്കൂളിലെ അക്ഷരയാത്ര ചൊവ്വാഴ്ച (ആഗസ്റ്റ് ആറ്) ചീഫ് വിപ്പ് അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്യും. കുട്ടികൾക്കുള്ള 215 പുസ്തകങ്ങളുമായാണ് അക്ഷരയാത്ര സ്കൂളിൽ എത്തിയിരിക്കുന്നത്. ജില്ലയിലെ ഏതു കുട്ടിക്കും 50 ശതമാനം വിലക്കിഴിവോടെ ഈ പുസ്തകങ്ങൾ വാങ്ങാം. അക്ഷരയാത്ര ആഗസ്റ്റ് 13 വരെ തൃശ്ശൂർ ജില്ലയിൽ തുടരും. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് മേള.

# മാലിന്യ നിർമ്മാജ്ജന സംവിധാനങ്ങൾ ഉറപ്പാക്കി നിയമനടപടി ശക്തമാക്കണം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റങ്ങളിൽ നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള പിഴ ഈടാക്കുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസി സ്റ്റന്റ് സെക്രട്ടറിമാർക്കും ഹെൽത്ത് ഇൻസ്പെക്ടർമാർക്കുള്ള ദ്വിദിന പരിശീലനം ജില്ലാ ജഡ്ജി സോഫി തോമസ് ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും അതോടൊപ്പം ശരിയായ മാലിന്യ സംസ്ക്കരണ ഉപാധികളും സംവിധാനങ്ങളും ജനങ്ങൾക്ക് ലഭ്യ മാക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് അവർ പറഞ്ഞു.

പരിശീലനത്തിന്റെ തുടർച്ചയായി ജില്ലയിലെ ഓരോ വാർഡിലും 50 പേർക്ക് വീതം ഹരിത നിയമ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും നേതൃ ത്വത്തിൽ നടക്കും. ഇപ്രകാരം 73000 കുടുംബങ്ങൾക്ക് ഹരിതനിയമാവലിയുടെ സന്ദേശം എത്തി ക്കും. ഒക്ടോബറോടെ നിയമനടപടി ശക്തമാക്കാൻ തീരുമാനിച്ചു. ഹരിതകേരളം മിഷൻ കോർഡി നേറ്റർ പി എസ് ജയകുമാർ, കില പ്രതിനിധി വി വി സുധാകരൻ തുടങ്ങിയവർ സംസാരിച്ചു.

# കാർഷികാവശ്യങ്ങൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ്

കിസാൻ ക്രെഡിറ്റ് കാർഡ് ഇതുവരെ എടുത്തിട്ടില്ലാത്ത കർഷകർക്ക് കാർഡുകൾ എടു ക്കാൻ സൗകര്യം. ഇതിനായി ജില്ലകൾ തോറും ക്യാമ്പുകൾ നടത്തും. കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, ആധാർകാർഡ് എന്നീ രേഖ കൾ ബാങ്കിൽ ഹാജരാക്കി അപേക്ഷ നൽകണം. 160000 രൂപ വരെ ഈടില്ലാതെ വായ്പ ലഭിക്കും. സ്വന്തം കൃഷിയിടത്തിൽ കൃഷി നടത്തുന്നവർക്ക് വീടിനടുത്തുള്ള ബാങ്കുകളുമായി ബന്ധപ്പെട്ട് കിസാൻ ക്രെഡിറ്റ് കാർഡ് കരസ്ഥമാക്കാം. ഭൂമിയുടെ അളവും ചെയ്യുന്ന വിളയും അനുസരിച്ചാണ്

വായ്പത്തുക നിശ്ചയിക്കുക. മൃഗ സംരക്ഷണത്തിനും മത്സ്യ കൃഷിക്കും കെസിസി വായ്പ ലഭ്യമാണ്. പിൻവലിക്കുന്ന തുകക്കും ദിവസങ്ങൾക്കും അനുസരിച്ചാണ് പലിശ കണക്കാക്കുക. നേരത്തെ എടുത്ത മറ്റു വായ്പകളിൽ കുടിശ്ശികയുള്ളവർക്കു വായ്പ ലഭിക്കില്ല. ഫോൺ: 0477-2331156.

# ഋതുപദ്ധതി: ജില്ലാതല ഉദ്ഘാടനം നടന്നു

കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണം ആയുർവേദത്തിലൂടെ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഭാരതീയ ചികിത്സാ വകുപ്പ് നടത്തി വരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയായ ഋതുവിന്റെ ജില്ലാതല ഉദ്ഘാടനം പേരാമംഗലം ശ്രീ ദുർഗാവിലാസം ഹയർ സെക്കൻണ്ടറി സ്‌ക്കൂളിൽ അനിൽ അക്കര എംഎൽഎ നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ് ഷിബു അദ്ധ്യക്ഷത വഹിച്ചു. ഋതു പ്രൊജക്ട് തൃശ്ശൂർ കൺവീനർ ഡോ. നിമ്മി എം എ പദ്ധതി വിശദീകരിച്ചു. കൈപ്പറമ്പ് പഞ്ചായത്ത് വാർഡംഗം സി പി ജോയ്, ഹെഡ്മാസ്റ്റർ പി ആർ ബാബു, പി ടി എ പ്രസിഡന്റ് ഷാജു കെ വി, കോർഡിനേറ്റർ ഡോ. ജിജിമോൾ, പ്രിൻസിപ്പാൾ കെ സ്മിത തുടങ്ങിയവർ സംസാരിച്ചു.

# ദിവസവേതനം കൂട്ടി

ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. തസ്തിക, ദിവസവേതനം യഥാക്രമത്തിൽ. എച്ച്എസ്എസ്ടി സീനിയർ-1425, എച്ച്എസ്എസ്ടി ജൂനിയർ-1180, എച്ച്എസ്എ-1075, എൽപിഎസ്എ/യുപിഎസ്എ-935, പാർട്ട്ടൈം എച്ച്എസ്എ-740, പാർട്ട്ടൈം എൽപിഎസ്എ/യുപിഎസ്എ-715.

# ശോഭ സുഭാഷ് മാള പഞ്ചായത്ത് പ്രസിഡന്റ്

മാള ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി സിപിഐ അംഗം ശോഭ സുഭാഷിനെ തിരഞ്ഞെടുത്തു. അഡിഷണൽ ഫുൾ ചാർജ് ഓഫ് എഇഒ സീനിയർ സുപ്രണ്ടന്റ് ടി ബി സുനിൽ വരണാധികാരിയായി. എൽഡിഎഫ് ധാരണ അനുസരിച്ച് സിപിഎം അംഗമായ പി കെ സുകുമാരൻ രാജി വച്ച ഒഴിവിലാണ് തിരഞ്ഞെടുപ്പ് നടന്നത്. ശോഭ സുഭാഷിന് 12 വോട്ടും എതിർ സ്ഥാനാർത്ഥി കോൺഗ്രസിലെ ടി കെ ജിനേഷിന് 5 വോട്ടും ലഭിച്ചു. ബിജെപിയിലെ രണ്ട് അംഗങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു. 20 അംഗങ്ങൾ ഉള്ള പഞ്ചായത്ത് ഭരണ സമിതിയിൽ എൽഡിഎഫിന് പതിമൂന്നു അംഗങ്ങളും യുഡിഎഫിന് നാലും ബിജെപി ക്ക് രണ്ടും സ്വതന്ത്രയായി ഒരു അംഗവുമാണുള്ളത്.

# ബ്ലു ആർമി: റാലി സംഘടിപ്പിക്കും

ബ്ലു ആർമി പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടന പരിപാടിയുടെ ഭാഗമായി റാലി സംഘടിപ്പിക്കുന്നു. ഇന്ന് (ആഗസ്റ്റ് അഞ്ച്) വൈകീട്ട് മൂന്നിന് അരിമ്പൂർ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്കൂളുകളെയും പ്രതിനിധീകരിച്ചുള്ള വിദ്യാർത്ഥികളുടെ റാലിയിൽ ബ്ലൂ ആർമി കോർഡിനേറ്റുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. ജില്ലാ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ജലസംരക്ഷണം സാധ്യമാക്കുന്നതിനു വിഭാവനം ചെയ്ത് സംയോജിത പ്രൊജക്ട് ആണ് ജലരക്ഷ - ജീവരക്ഷ. പ്രൊജക്ടിന്റെ നടത്തിപ്പിന് ജില്ലയിലെ മുഴുവൻ വിദ്യാർത്ഥി സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ക്ലബ്ബാണ് ബ്ലു ആർമി. ജലരക്ഷ ജീവരക്ഷ പദ്ധതി ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് ആറിന് രാവിലെ ഒൻപതിന് കണ്ടശ്ശാങ്കടവ് ജോസഫ് മുണ്ടശ്ശേരി സ്കൂളിൽ മന്ത്രിമാരായ

പ്രൊഫ. സി രവീന്ദ്രനാഥ്, അഡ്വ. വി എസ്  സുനിൽകുമാർ എന്നിവർ ചേർന്നു നിർവഹിക്കും. മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷത വഹിക്കും. റാലി അരിമ്പൂർ ഹൈസ്കൂളിൽ നിന്ന് ആരംഭിച്ച് സെന്റ് തെരാസസ് സ്കൂളിൽ അവസാനിക്കും.

## ജില്ലാ ആസൂത്രണ സമിതി

ജില്ലാ ആസൂത്രണ സമിതി യോഗം ആഗസ്റ്റ് എഴ് ഉച്ച രണ്ടിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## സ്പോട്ട് അഡ്മിഷൻ

ഈ വർഷത്തെ ടീച്ചേഴ്സ് ട്രെയിനിങ് കോഴ്സ് ഡിഎൽഡി (ടിടിസി) പ്രവേശനത്തിനുള്ള നിലവിലുള്ള ഒഴിവിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ രേഖ സഹിതം ആഗസ്റ്റ് എട്ട് രാവിലെ 11 ന് അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ എത്തണം. ഫോൺ: 0487-2360810.